## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് – പയ്യന്നൂർ നഗരസഭ – UIDSSMT പദ്ധതി – സ്ഥലമെടുപ്പിന് അനുമതി നൽകിയ ഉത്തരവിലെ സർവ്വേ നമ്പരുകളിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 657/2009/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, മാർച്ച് 16, 2009.

---

പരാമർശം:
1. 11-10-2007-ലെ സർക്കാർ ഉത്തരവ് (സാധാ) നം.2798/07/ത.സ്വ.ഭ.വ.
2. പയ്യന്നൂർ നഗരസഭാ കൗൺസിലിന്റെ 05-02-2008-ലെ 45-ാം നമ്പർ തീരുമാനം.
3. പയ്യന്നൂർ നഗസഭാ സെക്രട്ടറിയുടെ 29-02-2008-ലെ ഇ2- 1467/06 നമ്പർ കത്ത്.

### ഉത്തരവ്

പയ്യന്നൂർ നഗരസഭയിൽ UIDSSMT പദ്ധതിയിലുൾപ്പെടുത്തി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള കിണറിന്റെ സൈറ്റിനായി കൂവേരി വില്ലേജിൽ റീസർവ്വേ നമ്പർ 48/1-ൽപ്പെട്ട 30 സെന്റ് സ്ഥലവും ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണത്തിനായി റീസർവ്വേ നമ്പർ 8/1എയിൽപ്പെട്ട 1.25 സെന്റ് സ്ഥലവും അർജൻസി ക്ലോസിൽപ്പെടുത്തി അക്വയർ ചെയ്യുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ സംയുക്ത പരിശോധന നടത്തിയതിൽ അക്വിസിഷന് അനുമതി നൽകിയ 30 സെന്റ് സ്ഥലം റീസർവ്വേ നമ്പർ 43/1, 43/4 എന്നിവയിൽപ്പെട്ടതാണെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ അപ്രകാരം മുൻ ഉത്തരവിൽ ഭേദഗതി വരുത്തണമെന്ന് പരാമർശം (3) പ്രകാരം നഗരസഭാ സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. ഈ സാഹര്യത്തിൽ UIDSSMT കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി സ്ഥലമേറ്റെടുക്കുന്നതിന് പയ്യന്നൂർ നഗരസഭയ്ക്ക് അനുമതി നൽകിയ പരാമർശം (1)-ലെ സർക്കാർ ഉത്തരവിലെ റീസർവ്വേ നമ്പർ 48/1 എന്നത് തിരുത്തി റീസർവ്വേ നമ്പർ 43/1, 43/4 എന്നിവയാക്കി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(മറുപുറം)

2. പരാമർശം (1)–ലെ സർക്കാർ ഉത്തരവ് ഇപ്രകാരം ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**കെ.അനിൽകുമാർ,**
അണ്ടർ സെക്രട്ടറി.

To

സെക്രട്ടറി, പയ്യന്നൂർ നഗരസഭ, കണ്ണൂർ.

ജില്ലാ കളക്ടർ, കണ്ണൂർ.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.